"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - പ്രാദേശിക സാമ്പത്തിക വികസനം - തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും തൊഴിൽ അന്വേഷകർക്ക് പരിചയപ്പെടുത്തുന്നതിനായി തൊഴിൽ സഭകൾ വിളിച്ചു ചേർക്കുന്നതിനുള്ള - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.214/2022/LSGD തീയതി,തിരുവനന്തപുരം, 15-09-2022

---

പരാമർശം:- 1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022

2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022

3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1), (2) പ്രകാരവും ആയതിൽ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം (3) പ്രകാരവും അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് മുൻഗണന ലക്ഷ്യങ്ങൾ. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും ഇതിനായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും സൗകര്യമൊരുക്കുന്നതും സവിശേഷ വികസന ലക്ഷ്യങ്ങളാണ്. ഇതിനായി വിപുലമായ സംവിധാനങ്ങളാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി ആസൂത്രണ, സബ്സിഡി മാർഗ്ഗ രേഖകളിൽ സംരംഭക പ്രവർത്തനമടക്കമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്കുള്ള സഹായവും ഉൾകൊള്ളിച്ചിട്ടുണ്ട്.

3. അഞ്ചു വർഷം കൊണ്ട് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യം സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. കെ-ഡിസ്ക്, കുടുംബശ്രീയുമായി ചേർന്ന് 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ സംസ്ഥാനത്തൊട്ടാകെ 53 ലക്ഷത്തോളം തൊഴിലന്വേഷകർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ലിസ്റ്റിൽ നിന്നുമുള്ള 23 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷത്തോളം പേരെ കെ- ഡിസ്ക് തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിലേക്ക് (D.W.M.S) രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്ന

പ്രവർത്തനവും പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടന്നു വരുന്നു.

4. തൊഴിൽ സൃഷ്ടി എന്ന ബൃഹത്തായ ലക്ഷ്യത്തിനായി അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ തൊഴിൽ സാധ്യതകളെ പരമാവധി ഉപയോഗിക്കുന്നതരത്തിൽ സമഗ്രമായ തൊഴിലാസൂത്രണം നടത്തുന്നതിനുള്ള സൂക്ഷ്മതല ജനകീയ സംവിധാനമായി 'തൊഴിൽ സഭ' സർക്കാർ വിഭാവനം ചെയ്യുന്നു. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സംരംഭകർ, സംരംഭപുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നൈപുണ്യവികസനം ആവശ്യമുള്ളവർ എന്നിവരുടെ ഒരു കൂടിചേരൽ ആണ് തൊഴിൽസഭ. തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ പ്രാപ്തമാക്കുന്നതടക്കമുള്ള സമഗ്രമായ തൊഴിലാസൂത്രണം സാധ്യമാകുന്നതിനായി, മേൽ പ്രകാരം കണ്ടെത്തിയിട്ടുള്ള തൊഴിൽ അന്വേഷകരെ പങ്കെടുപ്പിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തൊഴിൽ സഭ വിളിച്ചുചേർക്കുന്നതിനായി, അനുബന്ധമായി ചേർത്തിട്ടുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്ക്
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. ചീഫ് ടൗൺ പ്ലാനർ
15. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
16. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാകളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
30. വ്യവസായ വകുപ്പ്
31. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 16-09-2022 12:34:56

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

<u>**അനുബന്ധം**</u>

# തൊഴിൽസഭ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ

## ആമുഖം

അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനാണ് 25 വർഷങ്ങൾക്ക് മുമ്പ് ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചത്. ആസൂത്രണ പ്രക്രിയയിൽ വികസന മുൻഗണനകളും പരിഗണനകളും ജനകീയ പങ്കാളിത്തത്തോടെ നിശ്ചയിക്കുന്നതിനുള്ള ശ്രമമായിരുന്നു ഇത്.

ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും കാര്യ ക്ഷമതയും ഗണ്യമായി വർദ്ധിച്ചു. ആസൂത്രണ - നിർവ്വഹണ പ്രവർത്തനങ്ങൾക്കുള്ള കാര്യശേഷി ഉയർന്നു. ദുരന്തങ്ങളെ അതിജീവിക്കാനുള്ള ശേഷി വികസിച്ചു. സേവന-ക്ഷേമ-അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ വലിയ മുന്നേറ്റം ഉണ്ടാക്കി. എന്നാൽ പദ്ധതി ആസൂത്രണത്തിൽ കുറഞ്ഞു വരുന്ന ബഹുജന പങ്കാളിത്തം, സാമ്പത്തിക പദ്ധതികളുടെ ഫലപ്രാപ്തികുറവ്, കുറഞ്ഞ തൊഴിൽ സൃഷ്ടി നിരക്ക്, സംയോജന സാധ്യതകൾ പരിഗണിക്കാതെയുള്ള പദ്ധതി നിർവ്വഹണം, നൂതന ആശയങ്ങളുടെ അഭാവം ഇവയെല്ലാം പോരായ്മകളായി നിലനിൽക്കുന്നു.

## പതിനാലാം പഞ്ചവത്സര പദ്ധതിയും തൊഴിൽ സൃഷ്ടിയും

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യങ്ങളായ സുസ്ഥിര സാമ്പത്തിക വികസനം, വിജ്ഞാന സമൂഹ സൃഷ്ടി, പ്രകൃതി വിഭവ സംരക്ഷണം, അതിജീവന ശേഷി വർദ്ധിപ്പിക്കൽ, ദാരിദ്ര്യനിർമ്മാർജ്ജനം ഇവ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തിവരുന്നത്. നവകേരളം കെട്ടിപ്പടുക്കുന്ന സമകാലിക സാഹചര്യത്തിൽ വർദ്ധിച്ചുവരുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം നമ്മുടെ സംസ്ഥാനം അഭിസംബോധന ചെയ്യേണ്ട ഒരു വെല്ലുവിളിയാണ്. തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ സ്ത്രീകൾ, പാർശ്വവത്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങൾ എന്നിവരുടെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ വിഷയമാണ്.

1. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സ്വയംതൊഴിൽ, തൊഴിൽദായക സംരംഭങ്ങൾ, വിജ്ഞാന സമൂഹ

സൃഷ്ടിയുടെ ഘടകങ്ങളിലൊന്നായ നൈപുണ്യ വികസനം എന്നിവക്കായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

2. ഈ ഒരു സാഹചര്യത്തിലാണ് അഞ്ചു വർഷം കൊണ്ട് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യം സർക്കാർ നിർണ്ണയിച്ചിട്ടുള്ളത്. ശക്തമാകുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയെയാണ് കേരളത്തിന് ഇക്കാര്യത്തിൽ വലിയ തോതിൽ ആശ്രയമാവുക. ഇതിന്റെ ഭാഗമായി കെ-ഡിസ്ക് കുടുംബ ശ്രീയുമായി ചേർന്ന് 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ സംസ്ഥാനത്തൊട്ടാകെ 53 ലക്ഷത്തോളം തൊഴിലന്വേഷകർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 58% സ്ത്രീകളാണ്. ഈ ലിസ്റ്റിൽ നിന്നുമുള്ള 23 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷത്തോളം പേരെ കെ- ഡിസ്ക് തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിലേക്ക് (D.W.M.S) രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്നും ഇരുപത് ലക്ഷം പേരെ ആവശ്യമായ പരിശീലനങ്ങൾ നൽകിക്കൊണ്ട് തൊഴിലിലേക്കെത്തിക്കുന്ന പ്രവർത്തനമാണ് തുടർന്ന് നടക്കുക.

3. കൂടാതെ ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്ന പ്രവർത്തനവും പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടന്നു വരുന്നു. തൊഴിൽ സാധ്യതകളും തൊഴിൽ ദായകരെയും സൃഷ്ടിച്ചു കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്ന പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറപ്പെടുവിക്കുന്ന മാർഗ്ഗ രേഖയിൽ ലഭ്യമാകും.

4. പദ്ധതി ആസൂത്രണ, സബ്സിഡി മാർഗ്ഗ രേഖകളിൽ സംരംഭക പ്രവർത്തനമടക്കമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്കുള്ള സഹായവും ഉൾകൊള്ളിച്ചിട്ടുണ്ട്. കൂടാതെ വ്യവസായം, ടൂറിസം, കൃഷി, സഹകരണം, മറ്റ് വികസന വകുപ്പുകൾ എന്നിവയുമായി ചേർന്ന് യോജിച്ച പ്രവർത്തനങ്ങൾക്കുള്ള നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. തൊഴിലന്വേഷിക്കുന്ന എല്ലാവർക്കും അനുയോജ്യമായ തരത്തിലുള്ള തൊഴിലുകൾ കേരളത്തിനകത്തും പുറത്തും, വീട്ടിനകത്തും (work from home) വീടിനു അടുത്തും (work near home) ലഭ്യമാക്കുന്നതിന് ആഗോള തലത്തിലുള്ള വൈവിദ്ധ്യമാർന്ന തൊഴിൽ വിപണിയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് സുസ്ഥിര സാമ്പത്തിക വികസന ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനായി ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള ഒരു ഉപാധിയായാണ് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ തൊഴിൽസഭകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

## തൊഴിൽസഭ

1. തൊഴിൽ സൃഷ്ടി എന്ന ബൃഹത്തായ ലക്ഷ്യത്തിനായി അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ തൊഴിൽ സാധ്യതകളെ പരമാവധി ഉപയോഗിക്കുന്നതരത്തിൽ സമഗ്രമായ തൊഴിലാസൂത്രണം നടത്തുന്നതിനുള്ള സൂക്ഷ്മതല ജനകീയ സംവിധാനമായാണ് തൊഴിൽ സഭയെ വിഭാവനം ചെയ്തിരിക്കുന്നത്.
2. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സംരംഭകർ, സംരംഭപുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നൈപുണ്യവികസനം ആവശ്യമുള്ളവർ എന്നിവരുടെ ഒരു കൂടിചേരൽ ആണ് തൊഴിൽസഭയിൽ നടക്കുക. നോളഡ്ജ് എക്കണോമി മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കുടുംബശ്രീ നടത്തിയ വിപുലമായ തൊഴിൽ സർവ്വേയിലൂടെ തൊഴിലിന് വേണ്ടി രജിസ്റ്റർ ചെയ്തവർ ഈ തൊഴിൽസഭയിൽ പങ്കാളികൾ ആകും. ഈ സർവേയിൽ രജിസ്റ്റർ ചെയ്യാത്ത പ്ലസ്ടുവിന് കീഴെ യോഗ്യതയുള്ള തൊഴിലന്വേഷകർക്കും തൊഴിൽസഭയിൽ പങ്കെടുക്കാം. മുകളിൽ പറഞ്ഞ വിഭാഗങ്ങളെ വിളിച്ചു ചേർത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് സംവിധാനങ്ങളുടെയും സഹായത്തോടെയാണ് തൊഴിൽസഭകൾ സംഘടിപ്പിക്കുക. തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ പ്രാപ്തമാക്കുന്നതടക്കമുള്ള സമഗ്രമായ തൊഴിലാസൂത്രണം ഇവിടെ സാധ്യമാകും.
3. വ്യത്യസ്ത വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിൽ ഏകോപിപ്പിച്ചു കൊണ്ട് സർക്കാർ സംവിധാനങ്ങളുടെയും സ്വകാര്യ മേഖലയുടെയും സഹായങ്ങൾ തൊഴിൽ അന്വേഷകരിലേക്ക് നേരിട്ടെത്തിക്കുക എന്നതും തൊഴിൽസഭയുടെ ലക്ഷ്യമാണ്. തൊഴിൽ ലഭ്യമാക്കുന്നതിലേക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുകൂല അന്തരീക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ സൃഷ്ടിക്കുന്നതിന് ഇത് സഹായകമാവും. തൊഴിലന്വേഷകരെയും തൊഴിൽ സാധ്യതകളെയും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ലഭ്യമാകുന്നതോടെ കൃത്യമായ തൊഴിലാസൂത്രണത്തിനും തൊഴിൽ പദ്ധതികൾ

രൂപപ്പെടുന്നതിനുമുള്ള സാഹചര്യമുണ്ടാവും. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപം കൊടുക്കുന്ന എന്റർപ്രണർഷിപ്പ് ആൻഡ് എംപ്ലോയ്മെൻറ് ഡെവലപ്പ്മെന്റ് കൗൺസിൽ(E&EDC), എംപ്ലോയ്മെൻറ് ഇൻഫർമേഷൻ സെന്റർ എന്നി സംവിധാനങ്ങൾ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

4. വിവിധ വികസന വകുപ്പ് ഉദ്യോഗസ്ഥർ, വ്യവസായ വകുപ്പ് ഇന്റേൺസ്, കുടുംബശ്രീ എം.ഇ.സി (Micro Enterprises consultant- MEC), കെ-ഡിസ്ക് കമ്മ്യൂണിറ്റി അംബാസിഡർ, SC/ST പ്രോമോട്ടർമാർ, എ.ഡി.എസ് പ്രതിനിധികൾ, യൂത്ത് കോർഡിനേറ്റർ, പ്രേരക് മാർ, കിലയുടെ റിസോഴ്സ് പേർസൺമാർ (RP), തദ്ദേശ സ്ഥാപനതലത്തിലെ റിസോഴ്സ് പേർസൺമാർ (R.P), വിവിധ വികസന വകുപ്പുകളിലെ തദ്ദേശ സ്വയംഭരണസ്ഥാപനതല കോർഡിനേറ്റർമാർ, സംഘാടക സമിതികളിലെ അംഗങ്ങൾ തുടങ്ങിയവർ തൊഴിൽസഭകളുടെ സംഘാടനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമാകും.

## തൊഴിൽസഭയുടെ ലക്ഷ്യങ്ങൾ

1. ഓരോ പ്രദേശത്തുമുള്ള തൊഴിലന്വേഷകരെ അതാത് പ്രദേശങ്ങളിൽ തന്നെയുള്ളതും കൂടാതെ കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കുന്നതിനുള്ള അവസരമുണ്ടാക്കുക.

2. വികസന വകുപ്പുകളും മറ്റു സർക്കാർ ഏജൻസികളും വാഗ്ദാനം ചെയ്യുന്ന തൊഴിൽ അവസരങ്ങളും സഹായങ്ങളും തദ്ദേശ സ്വയംഭരണ സംവിധാനത്തിലൂടെ നേരിട്ട് തൊഴിലന്വേഷകരെ പരിചയപ്പെടുത്തുക.

3. തൊഴിൽ അന്വേഷകരുടെ കാര്യശേഷി വികസിപ്പിക്കുന്നതിന് സർക്കാർ പരിശീലന ഏജൻസികളെയടക്കം പ്രാദേശികമായി ഉപയോഗിക്കുന്നതിനുള്ള കൂട്ടായ്മകൾ തദ്ദേശ സ്വയംഭരണ തലത്തിൽ രൂപപ്പെടുത്തുക.

4. സംരംഭക കൂട്ടായ്മകളെ പരിപോഷിപ്പിക്കുന്നതിന് വിവിധ വകുപ്പുകളും ഏജൻസികളും നടത്തുന്ന പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംഘടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുക.

5. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതികളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികളെ സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക.

**തൊഴിൽസഭ സംഘാടനം-മുന്നൊരുക്കങ്ങൾ**

തൊഴിൽസഭകളുടെ സംഘാടനവും നടത്തിപ്പും തുടർ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിലേക്കായി താഴെ പറയുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.

1. **സംഘാടക സമിതി രൂപീകരണം**: തൊഴിൽസഭകളുടെ സംഘാടനത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ തലത്തിലും വാർഡ് തലത്തിലും സംഘാടക സമിതികൾ രൂപീകരിക്കേണ്ടതാണ്.

2. **ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻതല സംഘാടക സമിതി ഘടന**

- രക്ഷാധികാരി- ജില്ലാപഞ്ചായത്ത് അംഗങ്ങൾ (ഗ്രാമപഞ്ചായത്തുകൾക്ക് ബാധകം)
- അദ്ധ്യക്ഷ/ൻ- തദ്ദേശ സ്വയംഭരണ സ്ഥാപനതല അദ്ധ്യക്ഷ/ൻ
- സഹ-അദ്ധ്യക്ഷർ- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ (ഗ്രാമപഞ്ചായത്തുകൾക്ക് ബാധകം)
- ഉപാദ്ധ്യക്ഷ/ൻ- വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ
- കൺവീനർ- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി
- ജോ.കൺവീനർ- അസിസ്റ്റന്റ് സെക്രട്ടറി/ യു.പി.എ പ്രൊജക്റ്റ് ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി (അസിസ്റ്റന്റ് സെക്രട്ടറി ഇല്ലാത്ത പഞ്ചായത്തിൽ ജോയിന്റ് കൺവീനറായി ഉദ്യോഗസ്ഥ/ൻ നെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു നിയമിക്കാം.

- അംഗങ്ങൾ
    - എല്ലാ ഭരണ സമിതി അംഗങ്ങളും
    - കുടുംബശ്രീ സി.ഡി.എസ് അദ്ധ്യക്ഷ
    - ആസൂത്രണ സമിതി ഉപാദ്ധ്യക്ഷ/ൻ
    - യുവജന പ്രതിനിധികൾ
    - യുവജന ക്ഷേമബോർഡ് പ്രതിനിധികൾ

- o വ്യവസായ വകുപ്പ് ഇന്റേൺ
- o IKM പ്രതിനിധി
- o SC/ST പ്രമോട്ടർ
- o കിലയുടെ തദ്ദേശ സ്ഥാപന റിസോഴ്സ് പേഴ്സൺ (ആർ.പി)
- o സാക്ഷരതാ പ്രേരക് മാർ
- o തദ്ദേശ സ്വയംഭരണ സ്ഥാപനം ഓരോ തൊഴിൽസഭക്കും നിശ്ചയിക്കുന്ന തൊഴിൽ സഭാ ലീഡ്
- o കുടുംബശ്രീ എം.ഇ.സി., പരിശീലന ഗ്രൂപ്പ് പ്രതിനിധി

**(3) തൊഴിൽ സഭാതല സംഘാടക സമിതി**

- അദ്ധ്യക്ഷ/ൻ- വാർഡ്മെമ്പർ/ ഡിവിഷൻ കൗൺസിലർ (തൊഴിൽസഭ നടക്കുന്ന വാർഡിലെ ജനപ്രതിനിധി)
- സഹ അദ്ധ്യക്ഷർ (Co-Chairpersons)-തൊഴിൽസഭയിൽപ്പെട്ട മറ്റ് വാർഡ് മെമ്പർ / ഡിവിഷൻ കൗൺസിലർ
- കൺവീനർ- തൊഴിൽസഭാ സംഘാടനത്തിന് തദ്ദേശ സ്ഥാപനം ചുമതല നൽകുന്ന ഉദ്യോഗസ്ഥ/ൻ
- ജോയിന്റ് കൺവീനർ- തൊഴിൽസഭാ ലീഡ്
- അംഗങ്ങൾ
    - o യുവജന പ്രതിനിധികൾ
    - o വ്യാപാരവ്യവസായ സംഘടനാ പ്രതിനിധികൾ
    - o ചെറുകിട സംരംഭക സംഘടനാ പ്രതിനിധികൾ
    - o എ.ഡി.എസ്. പ്രതിനിധികൾ
    - o വ്യത്യസ്ത തൊഴിൽ മേഖലകളിൽ അറിവും അനുഭവവുമുള്ളവർ
    - o അംഗനവാടി / ആശ വർക്കർമാർ

വാർഡിൽ ഒന്നിൽ കൂടുതൽ തൊഴിൽ സഭ ചേരുന്നുണ്ടെങ്കിൽ ഓരോ തൊഴിൽസഭയ്ക്കും ഓരോ സംഘാടക സമിതി ആവശ്യമാണ്. രണ്ടോ രണ്ടിൽ കൂടുതലോ വാർഡുകൾ ചേർത്ത് നടത്തുന്ന തൊഴിൽസഭയുടെ സംഘാടക സമിതി തൊഴിൽസഭ നടക്കുന്ന വാർഡിലെ മെമ്പറുടെ / ഡിവിഷനിലെ കൗൺസിലറുടെ അദ്ധ്യക്ഷതയിൽ കൂടേണ്ടതാണ്.

(4) തൊഴിൽസഭകളുടെ സംഘാടന ചുമതല വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഏകോപന ചുമതല ഭരണ സമിതിക്കും ആയിരിക്കും. ഓരോ തൊഴിൽസഭയ്ക്കും കൺവീനർമാരായി അനുയോജ്യരായ ഉദ്യോഗസ്ഥരെ തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കേണ്ടതാണ്.

**(5)** തൊഴിൽസഭ ലീഡ്: ഓരോ തൊഴിൽസഭയുടെയും പ്രവർത്തനം ഏകോപിപ്പിച്ച് മുന്നോട്ടു കൊണ്ടു പോകുന്നതിന് 'എന്റെ തൊഴിൽ എന്റെ അഭിമാനം' സർവ്വേയിൽ പങ്കെടുത്തിട്ടുള്ള കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെയോ ഒരു യുവജന ക്ഷേമ ബോർഡ് നിർദ്ദേശിക്കുന്ന പ്രവർത്തക/നെയോ പഞ്ചായത്ത് ഭരണ സമിതി അതത് തൊഴിൽസഭാ അദ്ധ്യക്ഷരുടെ നിർദ്ദേശം കൂടി പരിഗണിച്ച് തൊഴിൽസഭ ലീഡ് ആയി തീരുമാനിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ എല്ലാ തൊഴിൽ സഭ ലീഡിനേയും ഏകോപിപ്പിക്കേണ്ട ചുമതല തദ്ദേശ സ്ഥാപനതല ഫെസിലിറ്റേഷൻ ടീമിൽ ഒരാളെ ഭരണസമിതി ചുമതലപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ ചുമതല ലഭിക്കുന്ന ആൾ യുവജന ക്ഷേമബോർഡിൽ രജിസ്റ്റർ ചെയ്ത് അംഗമാകേണ്ടതാണ്.

**(6)** തൊഴിൽസഭ ഫെസിലിറ്റേഷൻ ടീം:

a) **തദ്ദേശ സ്വയംഭരണ സ്ഥാപനതലം**

പ്രത്യേകം പരിശീലനം കിട്ടിയ ഫെസിലിറ്റേഷൻ ടീം ആണ് തൊഴിൽസഭാ സംഘാടനത്തിന്റെ അക്കാദമിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത്. ഈ ടീമിൽ യുവജന ക്ഷേമ ബോർഡിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനതല കോർഡിനേറ്റർ/ പ്രതിനിധി, കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പിൽ ( ഷി-സ്റ്റാർട്ട് ) നിന്ന് ബിരുദാനന്തരബിരുദ / പ്രൊഫഷണൽ ബിരുദ യോഗ്യത ഉള്ള രണ്ടുപേർ, ''എന്റെ തൊഴിൽ എന്റെ അഭിമാനം'' പദ്ധതിയുടെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ, കുടുംബശ്രീ MEC, വ്യവസായ വകുപ്പ് ഇന്റേൺ, കില തിരഞ്ഞെടുക്കുന്ന രണ്ട് ആർ പി -മാർ എന്നിവർ അംഗങ്ങൾ ആയിരിക്കണം. അസിസ്റ്റന്റ് സെക്രട്ടറി/യു.പി.എ. പ്രൊജക്റ്റ് ഓഫീസർ/ഡെപ്യൂട്ടി സെക്രട്ടറിക്കാണ് തൊഴിൽസഭാ ഫെസിലിറ്റേഷൻ ടീമിന്റെ ഔദ്യോഗിക ചുമതല.

b) തൊഴിൽസഭാതലം: ഓരോ തൊഴിൽസഭയിലും മൂന്ന് ഗ്രൂപ്പ് ചർച്ചകളും ഒൻപതോളം ഉപഗ്രൂപ്പ് ചർച്ചകളും നടക്കേണ്ടി വരും. ഇവക്കു നേതൃത്വം നൽകുന്നതിനു തൊഴിൽസഭാ ലീഡിന്റെ നേതൃത്വത്തിൽ ഒരു ഫെസിലിറ്റേഷൻ ടീം ആവശ്യമാണ്. സംരംഭകർ, അഭ്യസ്ത വിദ്യരായ തൊഴിൽ അന്വേഷകർ, പ്ലസ് ടു വിനു താഴെ വിദ്യാഭ്യാസമുള്ള തൊഴിൽ കൂട്ടങ്ങൾ ആയി മാറാൻ കഴിയുന്ന തൊഴിൽ അന്വേഷകർ എന്നിവരുടെ ആയിരിക്കും മൂന്ന് മുഖ്യ ഗ്രൂപ്പുകൾ. അതിനാൽ തന്നെ ഈ മേഖലകളെ പ്രതിനിധീകരിക്കുന്നവർ ആകണം ഫെസിലിറ്റേഷൻ ടീമിൽ ഉണ്ടാകേണ്ടത്. ഇവ രൂപീകരിക്കുമ്പോൾ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

## ക്യാമ്പയിൻ പ്രവർത്തനങ്ങൾ

തൊഴിൽസഭ എന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും ബഹുതലങ്ങൾ ഉള്ള ഒരു ക്യാമ്പയിൻ പ്രവർത്തനം ആവശ്യമാണ്. അതിനാവശ്യമായ നിർദ്ദേശങ്ങളാണ് ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നത് .

## പ്രാരംഭഘട്ട/ കേന്ദ്രീകൃത പ്രവർത്തനങ്ങൾ

1. തൊഴിൽസഭയെ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന ചെറുതും വലുതും ആകർഷകവുമായ പ്രോമോ വീഡിയോകൾ നവമാധ്യമം വഴി പ്രചാരണം ചെയ്യാം. ഇതുകൂടാതെ റെയിൽവേ സ്റ്റേഷൻ, തിയേറ്റർ, റേഡിയോ എഫ്.എം എന്നിവയുടെ പ്രചാരണ സാധ്യതകൾ ഉപയോഗിക്കാം.

2. തൊഴിൽസഭയെന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പോസ്റ്ററുകൾ, ലഘുലേഖകൾ മുതലായവ തയ്യാറാക്കാം.

3. തൊഴിൽ സഭയ്ക്ക് വേണ്ടി സർക്കാർ തയ്യാറാക്കിയ ലോഗോയും ടാഗ് ലൈനും എല്ലാതരം പ്രചരണങ്ങളിലും ഉപയോഗിക്കേണ്ടതാണ്.

4. തൊഴിൽസഭ പ്രാരംഭഘട്ടത്തിൽ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും അതത് ജനപ്രതിനിധികളുടെയും പ്രമുഖരുടെയും സാന്നിദ്ധ്യത്തിൽ നടത്താം.

5. ജില്ലാടിസ്ഥാനത്തിൽ തൊഴിൽസഭക്ക് ഒഫീഷ്യൽ സോഷ്യൽ മീഡിയ പേജുകൾ, അതിന്റെ ക്യൂ ആർ കോഡുകൾ പോസ്റ്ററുകളിൽ ഉൾപ്പെടുത്തുക.

6. യുവാക്കളുടെ പ്രിയങ്കരമായ ഇൻസ്റ്റഗ്രാം, യൂട്യൂബ്, ഫേസ് ബുക്ക് ലഘു വീഡിയോ/മീംസ് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.

7. തദ്ദേശ സ്വയംഭരണ സ്ഥാപനതല സോഷ്യൽ മീഡിയ ചാനലുകളുടെ ഗ്രൂപ്പ് അഡ്മിൻ ബ്ലോക്ക്തലത്തിലും ബ്ലോക്ക്തല അഡ്മിൻ ജില്ലാതലത്തിലും ജില്ലാതല അഡ്മിൻ സംസ്ഥാനതലത്തിലും അംഗങ്ങളായ സോഷ്യൽ മീഡിയ ടീമും ഗ്രൂപ്പും ഉണ്ടായിരിക്കണം. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ കമ്മ്യൂണിക്കേഷൻ വിഭാഗം ഇതിന്റെ ഏകോപനം നടത്തേണ്ടതാണ്. തദ്ദേശ സ്ഥാപന തലത്തിൽ ഒരു ഫെസിലിറ്റേഷൻ ടീം അംഗത്തിന് ഇതിന്റെ ചുമതല നല്കേണ്ടതാണ്. കമ്മ്യൂണിക്കേഷൻ - ഡിസൈൻ യോഗ്യതയുള്ള തൊഴിൽ സഭാംഗങ്ങളെ സോഷ്യൽ മീഡിയ ഉള്ളടക്കം തയ്യാറാക്കാൻ ഉപയോഗിക്കേണ്ടതാണ്. ഇവർക്ക് പ്രോത്സാഹനമായി നിശ്ചിത പ്രതിഫലം ഭരണസമിതി യോഗം ആലോചിച്ച് നൽകാവുന്നതാണ്.

8. നിലവിലുള്ള ജാലകം/D.W.M.S-കണക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെ വാട്ട്സാപ്പ് എസ്.എം.എസ്. മെസേജ്/ ഇ-മെയിൽ എന്നിവ മുഖേന തൊഴിൽസഭയെ കുറിച്ചുള്ള വിവരങ്ങൾ നൽകാവുന്നതാണ്.

9. രണ്ടു ലക്ഷം വരുന്ന കുടുംബശ്രീ വാട്ട്സാപ്പ് ഗ്രൂപ്പുകൾ തൊഴിൽസഭ പ്രചാരണാർത്ഥം ഉപയോഗിക്കാവുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വികേന്ദ്രീകൃത പ്രചാരണം

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തൊഴിൽസഭ പ്രചാരണത്തിനായി മൈക്ക് അനൗൺസ്മെന്റ് രീതി ഉപയോഗിക്കാവുന്നതാണ്. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ തൊഴിൽസഭകൾക്ക് മുൻപായി യുവാക്കളുടെ യോഗങ്ങൾ അതാത് ഇടങ്ങളിൽ വിളിച്ചു ചേർക്കാം. സംശയ നിവാരണത്തിന് ജില്ലാ സംസ്ഥാന തലങ്ങളിൽ ഹെല്പ് ഡെസ്കുകൾ സജീവമാക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ലോക്കൽ എക്കണോമിക് ഡെവലപ്മെൻറ് (LED) സെൽ ജില്ലാ ഓഫീസിലും സംസ്ഥാന ഓഫീസിലും ക്രമീകരിക്കേണ്ടതാണ്.

കെ-ഡിസ്ക് 'ജാലകം' സർവ്വേയുമായി ബന്ധപ്പെട്ട കുടുംബശ്രീ എന്യൂമറേറ്റർമാരെ ഉപയോഗപ്പെടുത്തി വീടു വീടാന്തരം തൊഴിൽസഭയിലേക്ക് ക്ഷണിക്കുന്ന പ്രചാരണം നടത്തേണ്ടതാണ്. 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയിൽ ആദ്യ ഘട്ടം രജിസ്റ്റർ ചെയ്ത മുഴുവൻ പേരെയും സർവ്വേ എന്യൂമറേറ്റർമാർ, കുടുംബശ്രീ പ്രവർത്തകർ, വാർഡ്തല സംഘാടക സമിതി എന്നിവർ നേരിൽ ക്ഷണിക്കേണ്ടതാണ്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത ഓരോ പ്രദേശത്തുമുള്ള പ്ലസ്ടു വിദ്യഭ്യാസത്തിനു താഴെ ഉള്ള തൊഴിൽരഹിതരായവരെ കുടുംബശ്രീ, വാർഡ്തല സമിതി എന്നിവർ വഴി നേരിൽ ക്ഷണിക്കണം.

തൊഴിൽ സഭയുടെ പ്രചരണാർത്ഥം ഫ്ലാഷ് മോബ്, സ്ട്രീറ്റ് പ്ലേ എന്നിവ നടത്താവുന്നതാണ്. പ്രാദേശിക കേബിൾ ചാനൽ വഴിയുള്ള വ്യാപകമായ പ്രചരണ സാധ്യതകൾ ഉപയോഗിക്കണം. പ്രാദേശികതലത്തിൽ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസേഴ്സിനെ ഉപയോഗിച്ചുള്ള പ്രചാരണം, പ്രാദേശികമായി ജനപ്രതിനിധികളുടെയും പ്രമുഖവ്യക്തി/ പ്രമുഖസംരംഭകരുടെയും വീഡിയോ ബൈറ്റുകൾ (പരസ്യം പോലെ പ്രചരിപ്പിക്കുക), പ്രാദേശിക തലത്തിൽ വാഹനങ്ങളിൽ പോസ്റ്റർ പരസ്യങ്ങൾ നൽകുക (ഉദാ- ഓട്ടോ), കുടുംബശ്രീ റെസിഡന്റ്സ് അസോസിയേഷൻ എന്നിവയുടെ വാട്സാപ്പ്ഗ്രൂപ്പുകൾ വഴി പ്രാദേശിക തൊഴിൽ സഭകളുടെ തീയതി, സ്ഥലം എന്നിവ സംബന്ധിച്ച് നിരന്തരമായ പ്രചരണം നടത്താവുന്നതാണ്. തൊഴിൽസഭ നടന്നതിന് ശേഷം പങ്കെടുത്തവരുടെ ഫീഡ് ബാക്കും അഭിപ്രായങ്ങളും ശേഖരിക്കണം. ഇതിനായി ഗൂഗിൾ ഫോം ഉപയോഗിയ്ക്കാവുന്നതാണ്. തൊഴിൽസഭയുടെ കാര്യപരിപാടിക്കു ശേഷം ആ വേദികളിൽ ഉത്സവാന്തരീക്ഷം സൃഷ്ടിക്കുന്ന രീതികളിൽ യുവതിയുവാക്കളുടെ കലാപ്രകടനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. തൊഴിൽസഭയുമായി ബന്ധപ്പെട്ട ക്വിസ് പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. തൊഴിൽസഭ ക്യാമ്പയിനെ സഹായിക്കാൻ അനിമേറ്റഡ് വീഡിയോകൾ തയ്യാറാക്കി പ്രചരണം നടത്താവുന്നതാണ്. യുവാക്കളുടെ കൂട്ടായ്മകളെ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

## തൊഴിൽസഭ സംഘാടനം- കാര്യപരിപാടി

- ഒരു തൊഴിൽസഭയിൽ 200-250 പേർ പങ്കെടുക്കുന്ന വിധത്തിൽ ഒന്നോ അതിലധികമോ വാർഡുകൾ ചേർത്ത് തൊഴിൽസഭകൾ സംഘടിപ്പിക്കാവുന്നതാണ്. പങ്കാളികളുടെ എണ്ണം കുറവുള്ള വാർഡുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് എത്ര തൊഴിൽസഭകൾ ആവശ്യമാണെന്നത് പ്രാദേശിക സാഹചര്യം കണക്കിലെടുത്ത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാം. കൂടുതൽ എണ്ണം തൊഴിൽ അന്വേഷകർ ഉള്ള വാർഡുകളിൽ ഒന്നിൽ കൂടുതൽ തൊഴിൽ സഭകൾ സംഘടിപ്പിക്കാവുന്നതാണ്.

- 250 പേർക്ക് പങ്കെടുക്കാവുന്ന തരത്തിൽ ഇരിപ്പിട സൗകര്യങ്ങൾ, ശബ്ദ, വീഡിയോ പ്രദർശന സംവിധാനം എന്നിവ ക്രമീകരിക്കാൻ കഴിയുന്ന തരത്തിലുള്ള ഹാളുകളിൽ തൊഴിൽസഭകൾ നടത്തേണ്ടതാണ്. അടുത്തടുത്തുള്ള വാർഡുകൾക്ക് പൊതുവായി നിശ്ചിത എണ്ണം വേദികൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലും സജ്ജീകരിക്കാവുന്നതാണ്.

- തൊഴിൽസഭയിൽ പങ്കെടുക്കുന്നവരുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതിനുള്ള ചുമതല തൊഴിൽസഭ - ലീഡിനായിരിക്കണം. ജാലകം ആപ്പ് വഴി നോളഡ്ജ് ഇക്കോണമി മിഷൻ - കുടുംബശ്രീ സർവ്വേയിൽ പങ്കെടുത്തവർ പുതുതായി രജിസ്റ്റർ ചെയ്യേണ്ടതില്ല. എന്നാൽ തൊഴിൽ സഭാ പങ്കാളിത്തം ( attendance) രേഖപ്പെടുത്തണം. പുതുതായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഐ. കെ.എം. തയ്യാറാക്കുന്ന തൊഴിൽസഭ പോർട്ടലിൽ ഉണ്ടായിരിക്കും. സ്പോട്ട് രജിസ്ട്രേഷനുള്ള സൗകര്യം ഏർപ്പാടാക്കേണ്ടതാണ്.
- തൊഴിൽസഭയുടെ യോഗനടപടികളുടെ ഭാഗമായി ജനപ്രതിനിധിയോ ഉദ്യോഗസ്ഥരോ സ്വാഗതം ആശംസിക്കേണ്ടതാണ്. തൊഴിൽസഭയുടെ സംഘാടക സമിതിയുടെ അദ്ധ്യക്ഷ/ൻ ആകണം തൊഴിൽസഭയുടെ അദ്ധ്യക്ഷത വഹിക്കേണ്ടത്. തൊഴിൽസഭയുടെ ഉദ്ഘാടനത്തിനായി ബ്ലോക്ക്, ജില്ലാതലങ്ങളിലുമുള്ള ജനപ്രതിനിധികളെയും എം.എൽ.എ മാരെയും പരിഗണിക്കാം. ഉദ്ഘാടന സെഷൻ പരമാവധി 30 മിനിറ്റിനുള്ളിൽ അവസാനിപ്പിക്കണം. സ്വാഗത പ്രസംഗത്തിൽ താഴെ പറയുന്ന ഉള്ളടക്കം ആകാം.
    - തൊഴിൽസഭയുടെ പ്രസക്തി
    - ആരൊക്കെയാണ് പങ്കാളികൾ
    - എങ്ങനെയാണ് സംഘടിപ്പിച്ചത്
    - എന്താകണം അന്തിമഫലം (പരമാവധി 10 മിനിറ്റ്).

അദ്ധ്യക്ഷ പ്രസംഗത്തിൽ താഴെ പറയുന്ന ഉള്ളടക്കം ആകാം.

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തൊഴിൽ സാഹചര്യം
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സംരംഭകത്വ അവസ്ഥ
- മുൻപിലുള്ള സാധ്യതകൾ
- തൊഴിൽ സഭയ്ക്ക് വരുത്താൻ കഴിയുന്ന മാറ്റം (പരമാവധി 10 മിനിറ്റ്).

അദ്ധ്യക്ഷ പ്രസംഗത്തിനാവശ്യമായ വിവരങ്ങൾ സ്ഥാപന തല ഫെസിലിറ്റേഷൻ ടീം തയ്യാറാക്കി നല്കേണ്ടതാണ്.

ഉദ്ഘാടന പ്രസംഗത്തിന് താഴെ പറയുന്ന ഊന്നലുകൾ ആകാം.

- പതിനാലാം പദ്ധതി - സർക്കാർ സമീപനം
- നവകേരള നിർമ്മിതിയും തൊഴിലും
- തൊഴിൽ സൃഷ്ടിക്കായുള്ള പരിപാടികൾ

- വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പങ്ക്
- തൊഴിൽ സഭ സൃഷ്ടിക്കാവുന്ന മാറ്റങ്ങൾ (പരമാവധി 10 മിനിറ്റ്).

ഉദ്ഘാടന പ്രസംഗത്തിനാവശ്യമായ കുറിപ്പ് കില തയ്യാറാക്കി നല്കേണ്ടതാണ്.

- ഉദ്ഘാടന ചടങ്ങിൽ മറ്റ് ആശംസ പ്രസംഗങ്ങൾ ഒഴിവാക്കുന്നതാണ് ഉചിതം. തൊഴിൽസഭയ്ക്ക് കീഴിലെ മറ്റ് വാർഡുകളെ പ്രതിനിധീകരിക്കുന്ന സംഘാടക സമിതി സഹ അദ്ധ്യക്ഷരെ വേദിയിലേയ്ക്ക് ക്ഷണിക്കാവുന്നതാണ്. ഉദ്ഘാടന സെഷനെ തുടർന്ന് തൊഴിൽസഭയുടെ അഞ്ച് മിനിറ്റുള്ള സിഗ്നേചർ വീഡിയോ പ്രദർശിപ്പിക്കാം. അതിനു ശേഷം തൊഴിൽസഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിവരിക്കുന്ന ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ആമുഖ വീഡിയോ അവതരിപ്പിക്കാം (10 മിനിറ്റ്). തുടർന്ന് തൊഴിൽസഭയുടെ പശ്ചാത്തലം, തൊഴിൽസഭ എന്ത്, എന്തിന്, തൊഴിൽസഭയുടെ ലക്ഷ്യം, തൊഴിൽസഭയിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ, പുതിയ നൈപുണ്യ ആവശ്യകതകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനലക്ഷ്യങ്ങൾ നേടുന്നതിൽ തൊഴിൽസഭകൾക്കുള്ള പങ്ക്, പ്രസക്തി എന്നിവ വിവരിക്കുന്ന വീഡിയോ അവതരണം നടത്തണം (10 മിനിറ്റ്).
- അതിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനപ്രവർത്തനങ്ങൾ, കെ-ഡിസ്കിന്റെ എന്റെ തൊഴിൽ എന്റെ അഭിമാനം ക്യാമ്പയിൻ, സംരംഭക വർഷത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, സംരംഭകത്വ വികസനത്തിനുള്ള മറ്റു സർക്കാർ പദ്ധതികൾ, വിവിധ വികസന വകുപ്പുകളുടെയും ഏജൻസികളുടെയും തൊഴിൽ-സംരംഭകത്വ പദ്ധതികളുടെ വിശദാംശങ്ങളും അവ ഉപയോഗപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള സംഘടനാ സംവിധാനങ്ങളും പരിചയപ്പെടുത്തുന്ന വീഡിയോ അവതരണം നടത്താം (10 മിനിറ്റ്)

- ഈ അവതരണങ്ങൾക്ക് ശേഷം സ്വന്തം അനുഭവം പങ്ക് വച്ച് തൊഴിൽസഭാംഗങ്ങളെ പ്രചോദിപ്പിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയ്ക്കുള്ളിൽ ജനിച്ചു വളർന്ന് സ്വദേശത്തോ വിദേശത്തോ വിജയകരമായി സംരംഭ പ്രവർത്തനം നടത്തുന്ന ഒരാളെയും അതുപോലെ ഉന്നതമായ ജോലി കേരളത്തിനകത്തോ പുറത്തോ ലഭിച്ചിട്ടുള്ള - പ്രത്യേകിച്ച് സാങ്കേതിക, വിജ്ഞാന, സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒരാളെയും തൊഴിൽ സഭയിൽ പങ്കെടുപ്പിക്കേണ്ടതാണ്. അത്യാവശ്യമെങ്കിൽ മാത്രം ഓൺലൈൻ വഴിയും പങ്കെടുപ്പിക്കാവുന്നതാണ്. ഓരോ തൊഴിൽസഭയിലും ഇത്തരത്തിൽ പങ്കെടുക്കേണ്ട ആളുകളെ സംഘാടക സമിതി ഭരണസമിതിയുടെ അംഗീകാരത്തോടെ കണ്ടെത്തേണ്ടതാണ്. ഇവർ തൊഴിൽസഭയിൽ എന്തു

സംസാരിക്കണമെന്ന കാര്യം ഫെസിലിറ്റേഷൻ ടീം ഇവർക്ക് മുൻകൂട്ടി നല്കേണ്ടതാണ്. (പരമാവധി 10 മിനിറ്റ്)

- അവതരണങ്ങൾക്കുശേഷം പ്രദർശിപ്പിക്കപ്പെട്ട വിഷയങ്ങളിന്മേൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കേണ്ടതാണ്. സംരംഭകർ/ സംരംഭകത്വ താല്പര്യമുള്ളവർ, കെ-ഡിസ്ക് (D.W.M.S) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ, വിവിധ പ്രാദേശിക തൊഴിലുകളിൽ ഏർപ്പെടുന്നവരും തൊഴിൽ അന്വേഷകരും എന്നിങ്ങനെ ചുവടെ പറയുന്ന രീതിയിൽ മൂന്നായി വേണം ഗ്രൂപ്പ് തിരിയാൻ.

| **ഗ്രൂപ്പുകൾ** | **ഉപഗ്രൂപ്പുകൾ** |
|---|---|
| 1. a) സംരംഭകർ/ സംരംഭകത്വ താല്പര്യമുള്ളവർ<br>b) ഷീ-സ്റ്റാർട്സ് (കുടുംബശ്രീ ) | കാർഷികം-അനുബന്ധ മേഖലകൾ |
| | ചെറുകിട ഉല്പാദനം |
| | സേവനം |
| 2. കെ-ഡിസ്ക് (D.W.M.S) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ | സാങ്കേതിക വിദ്യാഭ്യാസം നേടിയവർ (ബി-ടെക്, ഡിപ്ലോമ തുടങ്ങിയവ) |
| | മറ്റ് പ്രൊഫഷണൽ യോഗ്യത ഉള്ളവർ |
| | ആർട്സ് ആൻഡ് സയൻസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവർ |
| | കോമേഴ്സ് യോഗ്യത ഉള്ളവർ |
| 3. വിവിധ പ്രാദേശിക തൊഴിലുകളിൽ ഏർപ്പെടുന്നവരും തൊഴിൽ അന്വേഷകരും | ഉല്പാദന മേഖല |
| | സേവന മേഖല |
| | നിർമ്മാണ മേഖല |

## ഗ്രൂപ്പ് ചർച്ചകളിൽ നടക്കേണ്ടത്

a. പൊതു അവതരണങ്ങൾക്ക് ശേഷം തൊഴിൽ സഭകൾ മൂന്ന് ഗ്രൂപ്പുകൾ ആയി ആദ്യം തിരിയണം എന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. സംരംഭക താത്പര്യം ഉള്ളവരുടെ ഗ്രൂപ്പിൽ കാർഷികം-അനുബന്ധ മേഖലകൾ, ചെറുകിട ഉല്പാദനം, സേവനം എന്നിവ ഓരോന്നായി എടുത്ത് അവയിൽ ഓരോന്നിലും ലഭ്യമായ സംരംഭങ്ങൾക്ക് ഉള്ള പിന്തുണകൾ ചർച്ച ചെയ്യണം. ഓരോന്നിലും തൽപരർ ആയവരുടെ സംശയങ്ങൾ അവിടെ ദൂരീകരിക്കണം. ഈ ചർച്ചകൾ മേൽ പട്ടികയിൽ സൂചിപ്പിച്ചത് പോലെ 3 ഉപഗ്രൂപ്പുകളായി നടത്താം. സംരംഭകത്വ തൽപരർക്ക് എന്തെല്ലാം പിന്തുണകൾ ലഭ്യമാകും എന്ന് വിശദമാക്കണം. ചർച്ചയുടെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളുടെ ക്ലബ്ബുകൾ രൂപീകരിക്കണം. സംരംഭകരിലെ ചർച്ചകൾക്ക് വ്യവസായ വകുപ്പ് ഇന്റേൺ നേതൃത്വം നൽകണം. കുടുംബശ്രീ - ഷീസ്റ്റാർട്സ് സംരംഭക പ്രവർത്തകർക്ക് പ്രത്യേക ഗ്രൂപ്പ് ആയി ചർച്ച നടത്താവുന്നതാണ്.

b. കേരള നോളജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തവർ ആണ് രണ്ടാമത്തെ ഗ്രൂപ്പ് ആയി തിരിയേണ്ടത്. ഈ ഗ്രൂപ്പിൽ ആദ്യഘട്ടത്തിൽ ഈ പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്തവർ, രണ്ടാമത് പ്രൊഫൈൽ രജിസ്റ്റർ ചെയ്തവർ എന്നിവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അടങ്ങിയ പ്രത്യേക ചർച്ചയും അവതരണവും നടക്കും. തുടർന്ന് കുടുംബശ്രീ എം.ഇ.സി./ സി.ആർ.പി.യുടെ നേതൃത്വത്തിൽ ഈ പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ വിശദമാക്കണം. അതിന്റെ അടിസ്ഥാനത്തിൽ വിവിധ തരം വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ സാധ്യതകൾ മുകളിൽ പട്ടികയിൽ സൂചിപ്പിച്ചതുപോലെ നാല് ഉപ ഗ്രൂപ്പുകളായി തിരിഞ്ഞു ചർച്ചചെയ്യണം. സാങ്കേതിക വിദ്യാഭ്യാസം നേടിയവർ (ബി-ടെക്, ഡിപ്ലോമ തുടങ്ങിയവ), മറ്റ് പ്രൊഫഷണൽ യോഗ്യത ഉള്ളവർ, ആർട്സ് ആൻഡ് സയൻസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവർ, കൊമേഴ്സ് യോഗ്യത ഉള്ളവർ എന്നിങ്ങനെ ഉപവിഷയങ്ങളായുള്ള ചർച്ചയാകാം. ഓരോ മേഖലയിലേയും സാധ്യതകൾ എന്ത്, രജിസ്റ്റർ ചെയ്തവർ എങ്ങനെ തൊഴിൽ അന്വേഷണം നടത്തണം, അതിനു ഈ പ്ലാറ്റ്ഫോം എങ്ങനെ ഉപയോഗിക്കാം എന്നീ കാര്യങ്ങൾ ഈ ഗ്രൂപ്പിൽ ചർച്ച ചെയ്യണം. ചർച്ചകൾക്ക് ഒടുവിൽ വിഷയാടിസ്ഥാനത്തിൽ തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കണം. തൊഴിൽ അന്വേഷകരെ ബ്ലോക്ക്തല എംപ്ലോയബിലിറ്റി സെന്ററുകളുമായി എങ്ങനെ ബന്ധിപ്പിക്കാം എന്നും എന്തെല്ലാം സേവനങ്ങൾ അവിടെ ലഭ്യമാകും എന്നും ഈ ചർച്ചകളിൽ വ്യക്തമാക്കണം. എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയുടെ

ഭാഗമായി നിയമിച്ച കമ്മ്യൂണിറ്റി റിസോഴ് പേഴ്സൺ ആണ് ഈ ഗ്രൂപ്പിലെ ചർച്ചകൾ നയിക്കേണ്ടത്.

c. പ്ലസ്ടുവിന് താഴെ വിദ്യാഭ്യാസം ഉള്ള ജാലകത്തിൽ രജിസ്റ്റർ ചെയ്യാത്ത തൊഴിൽ അന്വേഷകരുടെയും ദിവസ വേതനത്തിന് താത്ക്കാലികമായോ ജോലി ചെയ്യുന്നവരുടെയും ആകണം മൂന്നാമത്തെ ഗ്രൂപ്പ്. ഇവർക്ക് ലഭ്യമാകുന്ന നൈപുണ്യ പരിശീലന സാധ്യതകൾ, വിവിധതരം തൊഴിൽ കൂട്ടങ്ങൾ രൂപീകരിക്കാനുള്ള സാധ്യതകൾ എന്നിവ ആകണം ഈ ഗ്രൂപ്പിലെ ചർച്ച. ചർച്ചയുടെ അവസാനത്തിൽ തൊഴിൽ കൂട്ടങ്ങൾ രൂപീകരിക്കാം. പ്ലസ്ടുവിനു താഴെ വിദ്യാഭ്യാസം ഉള്ളവർക്ക് ലഭ്യമാക്കാവുന്ന തൊഴിൽ അവസരങ്ങളും ഇവിടെ ചർച്ച ചെയ്യാം. യുവജനക്ഷേമ ബോർഡിന്റെ യൂത്ത് കോർഡിനേറ്റർ /പ്രതിനിധി അല്ലെങ്കിൽ കുടുംബശ്രീ സി ഡി എസ് അംഗങ്ങൾ ആകണം ഈ ചർച്ചകൾക്ക് നേതൃത്വം നൽകേണ്ടത്. ഗ്രൂപ്പ് ചർച്ചകളുടെ ഉള്ളടക്കം നിർദ്ദേശങ്ങൾ എന്നിവ ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷമുള്ള പ്ലീനറി യോഗങ്ങളിൽ അവതരിപ്പിക്കണം. ഓരോ ഗ്രൂപ്പിലും രൂപീകരിച്ച ക്ലബ്ബുകളുടെ വിവരങ്ങളും പൊതുവേദിയിൽ അവതരിപ്പിക്കണം.

ഗ്രൂപ്പ് ചർച്ചകൾക്കു ശേഷം ഓരോ ഗ്രൂപ്പിനും 5 മിനിറ്റ് വീതം പ്രതികരണങ്ങൾക്ക് നൽകണം. തുടർന്ന് അര മണിക്കൂർ ചർച്ചകളുടെ ക്രോഡീകരണത്തിനും സംശയ നിവാരണത്തിനുമായി വിനിയോഗിക്കാം. പരിശീലനം ലഭിച്ച തൊഴിൽസഭ ഫെസിലിറ്റേഷൻ ടീം അംഗങ്ങളും പങ്കെടുക്കുന്ന വിവിധ വകുപ്പുകളുടെ/ ഏജൻസികളുടെ പ്രതിനിധികളും ഗ്രൂപ്പ് ചർച്ചകൾക്കും സംശയ നിവാരണത്തിനും നേതൃത്വം നൽകേണ്ടതാണ്.

വിവാഹത്തെ തുടർന്ന് തൊഴിൽ തുടർച്ച ഇല്ലാതെ പോയവർ, വിധവകൾ, പിരിഞ്ഞു താമസിക്കുന്നവർ തുടങ്ങി സ്ത്രീ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും പെട്ട തൊഴിലന്വേഷകരുടെ പ്രശ്നങ്ങൾ തൊഴിൽസഭകളിൽ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് ഈ വിഭാഗങ്ങളിൽ പെട്ടവരുടെ പങ്കാളിത്തം കുടുംബശ്രീ, വാർഡ്തല സംഘാടക സമിതികൾ വഴി ഉറപ്പ് വരുത്തണം. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ആദിവാസികൾ, മത്സ്യ തൊഴിലാളികൾ, ട്രാൻസ് ജെൻഡേഴ്സ്, ഭിന്നശേഷി വിഭാഗക്കാർ എന്നിങ്ങനെ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്ന എല്ലാ വിഭാഗങ്ങളുടെയും സവിശേഷ തൊഴിൽ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് തൊഴിൽസഭാ ചർച്ചകളിൽ പ്രത്യേക ഊന്നൽ നൽകേണ്ടതാണ്.

## പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെയും തൊഴിൽ സഭയുടെയും സംഘടനാ രൂപങ്ങൾ

പ്രാദേശിക സാമ്പത്തിക വികസനവും തൊഴിൽസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിലയിരുത്തുന്നതിനുമായി ത്രിതലപഞ്ചായത്ത്/ നഗരസഭാതലങ്ങളിൽ പ്രസിഡന്റ്/ ചെയർപേഴ്സൺ/ മേയറുടെ അധ്യക്ഷതയിൽ സംരംഭകത്വ തൊഴിൽവികസന കൗൺസിൽ രൂപീകരിക്കേണ്ടതാണ് (Entrepreneurship and Employment Development Council (E&E DC). സംരംഭകത്വ - തൊഴിൽവികസന കൗൺസിലുകളുടെ ഘടന ചുവടെ ചേർക്കുന്നു.

## സംരംഭകത്വ – തൊഴിൽ വികസന കൗൺസിൽ (E&E DC)

**ഗ്രാമപഞ്ചായത്ത് തലം**

അധ്യക്ഷ/ൻ - ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

ഉപാധ്യക്ഷ/ൻ - ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്

കൺവീനർ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ജോയിന്റ് കൺവീനർ - കുടുംബശ്രീ മെമ്പർ സെക്രട്ടറി

**അംഗങ്ങൾ**

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

കുടുംബശ്രീ സി ഡി എസ് ചെയർ പേഴ്സൺ

കുടുംബശ്രീ എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയുടെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ

വ്യവസായ വകുപ്പ് ഇന്റേൺ

യൂത്ത് കോ-ഓർഡിനേറ്റർ

ബാങ്ക്/ സഹകരണ സ്ഥാപന പ്രതിനിധികൾ

കുടുംബശ്രീ എം.ഇ.സി.

വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ

ചെറുകിട വ്യവസായി സംഘടനാ പ്രതിനിധികൾ

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

പ്രവാസി സംഘടനാ പ്രതിനിധികൾ

സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

തൊഴിൽസഭ ലീഡ് മാർ

ASAP പ്രതിനിധി

**ബ്ലോക്ക് പഞ്ചായത്ത് തലം**

അധ്യക്ഷൻ - ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

ഉപാധ്യക്ഷൻ - ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്

കൺവീനർ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ജോയിന്റ് കൺവീനർ - വ്യവസായ വികസന ഓഫീസർ

**അംഗങ്ങൾ**

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ

കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ (സംരംഭകത്വം)

കുടുംബശ്രീ എം.ഇ.സി.

ബി.എൽ.ബി.സി പ്രതിനിധി

വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ

ചെറുകിട വ്യവസായ സംഘടനാ പ്രതിനിധികൾ

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

പ്രവാസി സംഘടനാ പ്രതിനിധികൾ

സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

ASAP പ്രതിനിധി

**ജില്ലാ പഞ്ചായത്ത് തലം**

അധ്യക്ഷൻ - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

ഉപാധ്യക്ഷൻ -ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ്

കൺവീനർ - ജില്ലാ പഞ്ചായത്ത് സെക്രട്ടറി

ജോയിന്റ് കൺവീനർ -കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ

**അംഗങ്ങൾ**

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ്

ജില്ലാ പ്ലാനിംഗ് ഓഫീസർ

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

ജില്ലാ ഇന്നോവേഷൻ കൗൺസിൽ പ്രതിനിധി

ജില്ലാ ചേംബർ ഓഫ് കൊമേഴ്സ്, പ്രതിനിധി

കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ (സ്കിൽ)

കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ (മൈക്രോ എന്റർപ്രൈസസ്)

അസാപ് ജില്ലാ പ്രോഗ്രാം മാനേജർ,

KASE ജില്ലാ പ്രോഗ്രാം മാനേജർ,

കെ -ഡിസ്ക്/ഒ.എൽ.ഒ.ഐ ജില്ലാ കോഡിനേറ്റർ

ലീഡ് ബാങ്ക് പ്രതിനിധി

വ്യാപാര വ്യവസായ ചെറുകിട വ്യവസായ സംഘടന പ്രതിനിധികൾ,

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

യൂത്ത് വെൽഫെയർ ഓഫീസർ

ഡിടിപിസി സെക്രട്ടറി

സ്റ്റാർട്ട്അപ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

തദ്ദേശ സ്വയംഭരണ സ്ഥാപന അസോസിയേഷൻ പ്രതിനിധി (സെക്രട്ടറി/ പ്രസിഡന്റ്)

**(ഡി) നഗരസഭാ തലം**

അധ്യക്ഷൻ - നഗരസഭ ചെയർപേഴ്സൺ/മേയർ

ഉപാധ്യക്ഷൻ - നഗരസഭാ വൈസ് ചെയർമാൻ/ ഡെപ്യൂട്ടി മേയർ

കൺവീനർ - നഗരസഭാ സെക്രട്ടറി

ജോയിൻ കൺവീനർ - യു പി ഐ പ്രൊജക്ട് ഓഫീസർ

**<u>അംഗങ്ങൾ</u>**

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

സിഡിഎസ് ചെയർപേഴ്സൺമാർ

വ്യവസായ വകുപ്പ് ഇന്റേൺ

ലീഡ് ബാങ്ക് പ്രതിനിധി

കുടുംബശ്രീ സിറ്റി മിഷൻ മാനേജർ

കുടുംബശ്രീ എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയുടെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ

യൂത്ത് കോ-ഓർഡിനേറ്റർ

കുടുംബശ്രീ എം.ഇ.സി.

വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ

ചെറുകിട വ്യവസായ സംഘടനാ പ്രതിനിധികൾ

പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് തൽപരരായ രണ്ട് പൊതു പ്രവർത്തകർ

പ്രവാസി സംഘടനാ പ്രതിനിധികൾ

സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ

ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും പ്രതിനിധികൾ

ASAP പ്രതിനിധി

**ബ്ളോക്ക് - മുനിസിപ്പൽ തല എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്ററും (Entrepreneurship and Employment Information Centre) പഞ്ചായത്ത് തല ഹെല്പ്ഡെസ്കകളും**

(1) സംരംഭക പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിനും സംരംഭങ്ങളും തൊഴിലും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ ഭാഗമായി എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കണം. ഗ്രാമ പഞ്ചായത്ത്തല ഫെസിലിറ്റേഷൻ ടീം തൊഴിലന്വേഷകരെ ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. ഈ ആവശ്യത്തിന് ഒരു ഹെൽപ്ഡെസ്ക് ഫെസിലിറ്റേഷൻ ടീമിനെ ഉപയോഗിച്ച് പഞ്ചായത്തുകളിൽ സജ്ജമാക്കേണ്ടതാണ്. നിലവിൽ എന്റർപ്രണർഷിപ്പ് സെന്ററുകൾ പ്രവർത്തിക്കുന്ന നഗരസഭകളിൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്ററിനു കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗ്ഗ രേഖയിൽ ലഭ്യമാകുന്നതാണ്.

**തൊഴിൽ ക്ലബ്ബുകളുടെ രൂപീകരണവും തുടർപ്രവർത്തനവും**

തൊഴിൽസഭയിൽ പങ്കെടുത്തവരുടെ നൈപുണ്യം, പ്രവർത്തന പരിചയം, താല്പര്യം, മറ്റു വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും തൊഴിൽ മാത്രം നേടാൻ ആഗ്രഹിക്കുന്നവരുടെയും വെവ്വേറെ തൊഴിൽസഭ ക്ലബുകൾ രൂപീകരിക്കണം. പങ്കാളിത്തം അനുസരിച്ചും താല്പര്യം അനുസരിച്ചും തൊഴിൽ ക്ലബ്ബുകളുടെ എണ്ണം തീരുമാനിക്കാവുന്നതാണ്. ക്ലബ്ബുകളിലെ പങ്കാളികളുടെ എണ്ണം ചെറുത് ആകുന്നതാകും പ്രവർത്തനത്തിനു സൗകര്യപ്രദം ആകുക. ഇതേ രൂപത്തിൽ മൂന്നാമത്തെ ഗ്രൂപ്പിൽ നിന്ന് തൊഴിൽ ക്ലബുകളും കൂട്ടായ്മകളും രൂപീകരിക്കാം. പൊതുവായ താല്പര്യങ്ങളുടെയും അഭിരുചിയുടെയും നൈപുണിയുടെയും അടിസ്ഥാനത്തിൽ ആണ് തൊഴിൽ / സംരംഭക ക്ലബുകൾ രൂപീകരിക്കേണ്ടത്.

ഉചിതമായ പേരുകൾ ക്ലബ്ബുകൾക്ക് നൽകാവുന്നതാണ്. പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒരു ടീം ലീഡർ അഥവാ അഡ്മിനെ തെരഞ്ഞെടുക്കാവുന്നതാണ്.

ഫെസിലിറ്റേഷൻ ടീമിന്റെ സഹായത്തോടെ തൊഴിൽസഭകൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്

- സംരംഭക, തൊഴിൽ ക്ലബ്ബുകളുടെ നിരന്തര പ്രവർത്തനം ഉറപ്പാക്കൽ
- തൊഴിൽ കൂട്ടായ്മകൾ രൂപീകരിക്കലും അവയെ പ്രവർത്തിപ്പിക്കലും
- തൊഴിൽ സാധ്യതകളെ പരമാവധി തൊഴിലന്വേഷകരിലേക്ക് എത്തിക്കലും അതിലൂടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കലും
- സംരംഭക തത്പരർക്ക് നിരന്തരമായ പിന്തുണയും പ്രോത്സാഹനവും ഉറപ്പാക്കൽ
- നൈപുണ്യ വികസന ആവശ്യങ്ങൾ കണ്ടെത്തലും സാധ്യതകൾ പരമാവധി ഉപയോഗിക്കലും

**സംരംഭക, തൊഴിൽ ക്ലബ്ബുകളുടെ നിരന്തര പ്രവർത്തനം ഉറപ്പാക്കൽ**

- തൊഴിൽ സഭയിൽ എത്തിയവരുടെ ഡാറ്റ വിശകലനം -സംരംഭക & തൊഴിൽ പ്രോത്സാഹന കൗൺസിലിന്റെ നേതൃത്വത്തിൽ
- സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവരെ ഉൾപ്പെടുത്തി സംരംഭക ക്ലബ്ബ് രൂപീകരണവും തുടർപ്രവർത്തനവും. - ചുമതല വ്യവസായ വകുപ്പ് ഇന്റേൺ
- തൊഴിൽ മാത്രം നേടാൻ ആഗ്രഹിക്കുന്നവരെ ഉൾപ്പെടുത്തി തൊഴിൽ ക്ലബ്ബ് രൂപീകരണവും തുടർപ്രവർത്തനവും. ചുമതല - കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ
- തൊഴിൽ കൂട്ടങ്ങളുടെ രൂപീകരണവും തുടർപ്രവർത്തനങ്ങളും. ചുമതല– യുവജനക്ഷേമ ബോർഡ് കോർഡിനേറ്റർ
- സംരംഭക ക്ലബ്ബുകൾ, തൊഴിൽ ക്ലബ്ബുകൾ, തൊഴിൽ കൂട്ടങ്ങൾ എന്നിവയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്ലാറ്റ്ഫോമുകൾ ഉണ്ടാക്കൽ
- അവയുടെ പ്രതിനിധികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതല E&E DC കളിൽ ഉൾപ്പെടുത്തൽ

**സംരംഭക ക്ലബ്ബിൽ നിന്നും സംരംഭങ്ങളിലേക്ക്**

- E&E DC യുടെ സഹായത്തോടെ നവ സംരംഭകർക്ക് പ്രൊജക്റ്റ് ആശയങ്ങളിൽ നിന്നും പ്രൊജക്റ്റ് റിപ്പോർട്ടിലേക്ക് നീങ്ങാൻ കഴിയണം. തദ്ദേശ സ്വയംഭരണ സ്ഥാപനതല എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്റർ, ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവയുടെ പിന്തുണ വിശദമായ

പ്രൊജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനു ലഭ്യമാകും. പ്രൊജക്റ്റ് റിപ്പോർട്ടുകൾ വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികൾ സഹായിക്കും. ജില്ലാതല സമിതികളും പ്രൊജക്റ്റുകൾ വിലയിരുത്തി ആവശ്യമായ സാങ്കേതിക പിന്തുണ നൽകും. സാങ്കേതികമായി മികവുറ്റ പദ്ധതികൾ തയ്യാറായാൽ അവ ധനകാര്യ സ്ഥാപനങ്ങൾക്ക് നല്കുന്നതിനു വേണ്ടിയുള്ള അനുമതിപ്പത്രങ്ങളും ലൈസൻസുകളും എളുപ്പത്തിൽ ലഭ്യമാകുന്നതിനുള്ള സൗകര്യം തദ്ദേശ സ്വയംഭരണ സ്ഥാപനതല E&E DC ഒരുക്കുന്നതാണ്.

- അനുമതിപ്പത്രങ്ങളും ലൈസൻസുകളും ലഭ്യമായിക്കഴിഞ്ഞാൽ അവ അനുയോജ്യമായ ധനകാര്യസ്ഥാപനങ്ങളിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ E&E DC നൽകും. ഈ ഘട്ടങ്ങളിലൂടെ കടന്നുപോയാൽ ഒരു സംരംഭത്തിലേയ്ക്ക് എത്താൻ നവ സംരംഭകർക്ക് കഴിയും.

## സംരംഭങ്ങളുടെ സംഘടനാ രൂപം താഴെ പറയുന്നവയാകാം.

- പാർട്ട്ണർഷിപ്പ്
- സഹകരണസംഘം
- JLG, ഗ്രൂപ്പ് സംരംഭം
- ഏകാംഗ സ്ഥാപനം

  തൊഴിൽ ക്ലബ് അംഗങ്ങളിൽ പൊതുവായ താല്പര്യം ഉള്ളവരെ ഉൾപ്പെടുത്തി പങ്കാളിത്ത ഗ്രൂപ്പുകൾ (പാർട്ട്ണർഷിപ്പ് ഗ്രൂപ്പുകൾ) രൂപീകരിക്കാവുന്നതാണ്. കൂട്ടു സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പങ്കാളിത്ത ഗ്രൂപ്പുകളുടെ രൂപീകരണം സഹായിക്കും.

## തൊഴിൽ ക്ലബ്ബുകളെ ചലിപ്പിക്കൽ

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തൊഴിലന്വേഷകരെ പിന്തുണയ്ക്കാൻ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഉപയോഗിക്കാം. കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ, തൊഴിൽസഭ ലീഡ്, തൊഴിൽ ക്ലബുകളുടെ പ്രതിനിധികൾ, നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ നേതൃത്വത്തിൽ ആകണം ഇത് പ്രവർത്തിക്കേണ്ടത്. തൊഴിൽ ക്ലബ്ബുകളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്ലാറ്റ്ഫോമിനെ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്ററിലേക്കും ബ്ലോക്ക് എംപ്ലോയബിലിറ്റി സെന്ററുകളിലേക്കും ബന്ധിപ്പിക്കാൻ സാധിക്കണം. തൊഴിൽസഭാതലത്തിൽ തൊഴിൽക്ലബ്ബുകളുടെ ഏകോപനം അതത് തൊഴിൽസഭാ ലീഡർമാർ നിർവ്വഹിക്കണം. തദ്ദേശ സ്വയംഭരണ

സ്ഥാപനതലത്തിൽ തൊഴിൽക്ലബ്ബുകളുടെ ഏകോപന ചുമതല 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർക്കായിരിക്കും.

## തൊഴിൽ ക്ലബ്ബുകളുടെ കൂടിയിരിപ്പുകൾ

ഓരോ വിഭാഗത്തിനും അനുസൃതമായ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള കൂട്ടായ ചർച്ചകൾ, അപേക്ഷകൾ അയയ്ക്കൽ, പരീക്ഷകൾ, ഇന്റർവ്യൂകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ എന്നിവ തൊഴിൽ ക്ലബ്ബുകളുടെ തുടർ കൂടിയിരുപ്പുകൾ വഴി സാധിക്കണം. DWMS-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നിരന്തരമായി ഓരോ തൊഴിൽക്ലബ്ബ് അംഗങ്ങളുടെ തലത്തിലും വരുന്ന അവസരങ്ങൾ പരിചയപ്പെടുത്താനും അപേക്ഷിക്കുന്നതിനും കഴിയുന്ന ഒരു തുടർ സംവിധാനമായി തൊഴിൽക്ലബ്ബുകൾ മാറണം.

## നൈപുണ്യ വികസന പരിപാടികൾ

നൈപുണ്യ വികസന പരിശീലനങ്ങൾക്ക് വേണ്ട സംവിധാനങ്ങൾ ഒരുക്കാനും തൊഴിൽക്ലബ്ബുകൾ വഴി കഴിയണം. ഇതിനായി ASAP, KASE, കുടുംബശ്രീ വഴി പ്രവർത്തിക്കുന്ന DDUGKY സംവിധാനം, വകുപ്പുകളുടെ നൈപുണ്യ വികസന പരിപാടികൾ എന്നിവയുടെ സാധ്യതകളെ തൊഴിൽ ക്ലബ്ബുകളിലേയ്ക്ക് ബന്ധിപ്പിക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഇതിനു സഹായകമായ സ്ഥാപനങ്ങളായി എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കും. തൊഴിൽക്ലബ്ബുകളെ നൈപുണ്യ വികസന ആവശ്യങ്ങൾക്കായി ബ്ലോക്ക് എംപ്ലോയബിലിറ്റി സെന്ററുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള സംവിധാനം ആയി E&E DC കൾ പ്രവർത്തിക്കണം. തൊഴിൽക്ലബ്ബുകൾ വഴി താഴെ പറയുന്ന നൈപുണ്യ വികസന പരിപാടികൾ ഏറ്റെടുക്കാം.

- **സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ**
  തൊഴിൽ അന്വേഷകരുടെ ഭാഷാശേഷി, ആശയവിനിമയശേഷി, നേതൃത്വശേഷി, ഇടപെടൽശേഷി എന്നിവ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ.

- **ഫിനിഷിങ് സ്കൂൾ സംവിധാനങ്ങൾ**

  സാങ്കേതിക കോഴ്സ് ഉൾപ്പെടെ വിവിധ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് തൊഴിൽക്ഷമത ഉറപ്പാക്കുന്നതിന് പ്രായോഗിക പരിശീലനങ്ങൾ ഉറപ്പാക്കാൻ ഫിനിഷിംഗ് സ്കൂളിലൂടെ സാധിക്കും.

- **പുനർ പരിശീലനങ്ങൾ**

  ആദ്യ പരിശീലനങ്ങൾക്ക് ശേഷം നിരവധി വർഷത്തെ ഇടവേളയുള്ള ആളുകൾക്ക് അതത് മേഖലകളിൽ വന്ന പുതിയ അറിവുകളും മാറ്റങ്ങളും പരിചയപ്പെടുത്തുന്നതിനു പുനർപരിശീലിനങ്ങൾ സഹായിക്കും.

- **പുതിയ നൈപുണ്യ പരിശീലനങ്ങൾ**

  വിവിധ തരം കോഴ്സുകൾ കഴിഞ്ഞവർക്കും വിദ്യാഭ്യാസയോഗ്യത കുറഞ്ഞവർക്കും പുതിയ പരിശീലനങ്ങൾ നൽകുന്നതിനു നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കാം

## തൊഴിൽ കൂട്ടായ്മകളെ ചലിപ്പിക്കൽ

വിഷയാടിസ്ഥാനത്തിൽ തൊഴിൽ കൂട്ടായ്മകൾക്ക് വേണ്ട പരിശീലനങ്ങൾ ഒരുക്കാൻ തൊഴിൽസഭകൾക്ക് ശേഷം കഴിയണം. തൊഴിൽ കൂട്ടായ്മകൾക്ക് ആവശ്യമായ തൊഴിൽ ഉപകരണങ്ങളും സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്യാം. തൊഴിൽ കൂട്ടായ്മകളുടെ സേവനം സമൂഹത്തിനു ലഭ്യമാക്കാൻ ആവശ്യമുള്ള സേവനങ്ങൾക്ക് ആളുകൾക്ക് ബന്ധപ്പെടാൻ കഴിയുന്ന മൊബൈൽ ആപ്പ് സംവിധാനങ്ങൾ ഒരുക്കണം. തുടർന്ന് തൊഴിൽ കൂട്ടായ്മകളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ പുനർപരിശീലനങ്ങൾ നൽകാൻ കഴിയണം. ഇത്തരം പ്രവർത്തനങ്ങളെല്ലാം ഏകോപ്പിക്കുന്നതിനു വേണ്ട മാനേജ്മെന്റ് സംവിധാനങ്ങൾ ഒരുക്കാൻ കഴിയണം. തൊഴിൽ കൂട്ടായ്മകളുടെ സംശയനിവാരണത്തിന് ജില്ലാ, സംസ്ഥാന തലങ്ങളിൽ ഹെൽപ്പ് ഡെസ്കുകൾ രൂപീകരിക്കണം. പ്രതിഫല നിരക്ക്, സേവന വേതന വ്യവസ്ഥകൾ എന്നിവ തൊഴിൽ കൂട്ടായ്മകൾക്ക് വേണ്ടി രൂപപ്പെടുത്തണം.

തൊഴിൽ മേള, ഹാക്കത്തോൺ, ഓപ്പർച്യൂണിറ്റി ഇവന്റ് എന്നിവ സംരംഭക, തൊഴിൽ ക്ലബ്ബുകളുടെ ഭാഗമായി നടത്താൻ കഴിയണം. തൊഴിൽസഭയുടെ

തുടർപ്രവർത്തനങ്ങൾക്ക് പ്രചോദനമാകാൻ പഞ്ചായത്ത് സ്കോർ ബോർഡ് ഏർപ്പെടുത്തേണ്ടതാണ്. തൊഴിൽസഭയിലെ അംഗങ്ങളെ ചേർത്തുകൊണ്ടുള്ള ലീഡ് അഡ്മിനായുള്ള വാട്ട്സ്ആപ്പ് / ബ്രോഡ്കാസ്റ്റ് ഗ്രൂപ്പുകളുടെ രൂപീകരണവും നിരന്തര ഇടപെടലും ആവശ്യമാണ്.

അനുയോജ്യമായ സംരംഭങ്ങൾ കണ്ടെത്താൻ തൊഴിൽക്ലബ്ബ് അംഗങ്ങളെ ഇന്റേണും, യൂത്ത് കോർഡിനേറ്ററും സഹായിക്കണം. ഇതിനായി താല്പര്യമുള്ളവരെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തലത്തിൽ രൂപീകരിച്ചിട്ടുള്ള എംപ്ലോയബിലിറ്റി സെന്ററുമായി ബന്ധിപ്പിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തൊഴിൽ കൂട്ടായ്മകളെ ഏകോപിപ്പിക്കേണ്ട ഉത്തരവാദിത്തം യുവജന ക്ഷേമ ബോർഡ് കോർഡിനേറ്റർ/ പ്രതിനിധിയ്ക്ക് ആയിരിക്കും. ഓരോ വിഷയാടിസ്ഥാനത്തിലുള്ള തൊഴിൽ കൂട്ടായ്മകളുടെ പൊതു പ്ലാറ്റ്ഫോമുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രൂപീകരിക്കാവുന്നതാണ്. തൊഴിൽ കൂട്ടായ്മകളെ പരിശീലിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ പദ്ധതികളുടെ സാധ്യതകളെ ഉപയോഗിക്കാം. ഇത്തരത്തിലുള്ള തൊഴിൽ കൂട്ടായ്മകളിലൂടെ ഉയർന്നു വരുന്ന തൊഴിൽ സാധ്യതകൾ പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതികൾ രൂപപ്പെടുത്താം.

### തൊഴിൽസഭ-പരിശീലനങ്ങൾ

തൊഴിൽസഭകളുടെ നടത്തിപ്പും തുടർപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കിലയുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. പരിശീലന കലണ്ടർ പ്രത്യേകമായി അറിയിക്കുന്നതാണ്.

### തൊഴിൽസഭ നടത്തിപ്പ് - സമയക്രമം

തൊഴിൽസഭ സംഘാടനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | തീയതി |
| --- | --- | --- | --- |
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനതല ആലോചനായോഗം | അദ്ധ്യക്ഷൻ | ഒക്ടോബർ 01-05 |
| 2 | തദ്ദേശ സ്വയംഭരണ സ്ഥാപനതല | അദ്ധ്യക്ഷൻ | ഒക്ടോബർ |

| | | | |
|---|---|---|---|
| | സംഘാടക സമിതി | | 05 -10 |
| 3 | തൊഴിൽസഭ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിയമനം | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഒക്ടോബർ 01- 10 |
| 4 | തൊഴിൽ സഭാതല സംഘാടക സമിതി | വികസന സ്റ്റാൻറിംഗ് കമ്മിറ്റി- ചുമതല യുള്ള ഉദ്യോഗസ്ഥ/ൻ | ഒക്ടോബർ 05-15 |
| 5 | തൊഴിൽസഭ ലീഡുകളെ നിശ്ചയിച്ച് ചുമതലകൾ ഏൽപ്പിക്കൽ | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഒക്ടോബർ 05-15 |
| 6 | തൊഴിൽസഭ ഫെസിലിറ്റേഷൻ ടീം രൂപീകരണം (തദ്ദേശ സ്വയംഭരണ സ്ഥാപനതലം, തൊഴിൽസഭാതലം) | തദ്ദേശ സ്വയംഭരണ സ്ഥാപനം, വികസന സ്റ്റാൻറിംഗ് കമ്മിറ്റി | ഒക്ടോബർ 05-15 |
| 7 | ക്യാമ്പയിൻ പ്രവർത്തനങ്ങൾ | തദ്ദേശ സ്വയംഭരണ സ്ഥാപനം, സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപന തല മീഡിയ ടീം | ഒക്ടോബർ 05-15 |
| 8 | തൊഴിൽസഭ ചേരൽ | തദ്ദേശ സ്വയംഭരണ സ്ഥാപനം, വികസന സ്റ്റാൻറിംഗ് കമ്മിറ്റി, തൊഴിൽ സഭ ലീഡ് | ഒക്ടോബർ 15- 31 |

**തൊഴിൽ സഭ ഡോക്യുമെന്റേഷൻ**

1. മൂന്നു പ്രധാനഗ്രൂപ്പുകളും ഉപഗ്രൂപ്പുകളുമായി തിരിഞ്ഞു നടക്കുന്ന തൊഴിൽസഭയിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ട് തൊഴിൽ സഭ പോർട്ടലിൽ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഫോർമാറ്റിൽ അതതു തൊഴിൽസഭ കൺവീനർ അപ് ലോഡ്

ചെയ്യേണ്ടതാണ്. ഓരോ ഗ്രൂപ്പിലും ഉയർന്നു വരുന്ന ചർച്ചകളെ അതതു ഗ്രൂപ്പുകളിൽ ചർച്ചകളുടെ ഭാഗമായി ഉയർന്നുവന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ അഥവാ പുതിയ ആശയങ്ങൾ, ഗ്രൂപ്പംഗങ്ങളുടെ ആവശ്യങ്ങൾ എന്നിങ്ങനെ തരം തിരിച്ച് സംഗ്രഹിച്ച് ക്രോഡീകരിക്കേണ്ടതാണ്. ബുള്ളറ്റ് പോയിന്റുകളായി ഇത് രേഖപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്ഥാപന തലത്തിൽ ഇത് ക്രോഡീകരിക്കുകയും തൊഴിൽസഭകളിൽ നിന്നുള്ള പൊതു ആവശ്യങ്ങളായി പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഐ കെ എം ഇത് സംബന്ധിച്ച പിന്തുണ നൽകുന്നതാണ്.

2. തൊഴിൽസഭകളിൽ രൂപീകരിക്കപ്പെടുന്ന ക്ലബുകളുടെ എണ്ണവും അംഗങ്ങളുടെ വിവരവും പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

**തൊഴിൽസഭ സംഘാടനം ചുരുക്കത്തിൽ**

| | |
|---|---|
| സ്വാഗതം | 10 മിനിറ്റ് |
| അദ്ധ്യക്ഷത | 10 മിനിറ്റ് |
| ഉദ്ഘാടനം | 10 മിനിറ്റ് |
| സിഗ്നേച്ചർ വീഡിയോ അവതരണം | 05 മിനിറ്റ് |
| ബഹു. തദ്ദേശ സ്വയംഭരണ എക് സൈസ് വകുപ്പ് മന്ത്രിയുടെ ആമുഖ വീഡിയോ | 15 മിനിറ്റ് |
| വീഡിയോ അവതരണങ്ങൾ | 30 മിനിറ്റ് |
| മികച്ച സംരംഭക/രുടെ ലഘു അവതരണം | 10 മിനിറ്റ് |
| ഗ്രൂപ്പ് പ്രവർത്തനം | 50 മിനിറ്റ് |
| പ്ലീനറി സെഷൻ | |
| ഗ്രൂപ്പ് അവതരണങ്ങൾ | 20 മിനിറ്റ് |
| ക്രോഡീകരണം -സമാപനം | 20 മിനിറ്റ് |

സപ്തംബർ 20 ന് പിണറായി ഗ്രാമപഞ്ചായത്തിൽ ബഹു. മുഖ്യമന്ത്രിയുടെ വാർഡിലാണ് ആദ്യ തൊഴിൽ സഭ ചേരുന്നത്. തുടർന്ന് അതാത് ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാരുടെ വാർഡുകളിൽ ജില്ലാ ചുമതലയുള്ള മന്ത്രിമാരോ മറ്റ് വിശിഷ്ട വ്യക്തികളോ ഒക്ടോബർ ആദ്യ വാരത്തിനുള്ളിൽ ജില്ലാതല ഉദ്ഘാടനം നടത്തും. തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (കോർപ്പറേഷൻ, മുനിസിപ്പാലിറ്റി,

ഗ്രാമപഞ്ചായത്ത്) അദ്ധ്യക്ഷ/ൻമാരുടെ വാർഡ്/ ഡിവിഷനുകളിൽ സ്ഥാപനതല ഉദ്ഘാടനവും മറ്റ് തൊഴിൽസഭകളും മാർഗരേഖയിലെ നിർദേശപ്രകാരം നടത്തേണ്ടതാണ്.

## നടത്തിപ്പ്

പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിങ് ചെലവുകൾക്കുള്ള തുകയിൽനിന്ന് തൊഴിൽ സഭ സംഘാടനത്തിനുള്ള ചെലവ് നിർവഹിക്കേണ്ടതാണ്.